# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5377 — 04/07/2013 ൽ മറുപടിക്ക്

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ മരുന്നുകളുടെ വിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഏതെല്ലാം മരുന്നുകളും ഉപകരണങ്ങളുമാണ് 2011-12-ലും, 2012-2013-ലും വാങ്ങിയത് എന്നറിയിക്കുമോ ; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന ആശുപത്രികളിൽ ഇന്റന്റ് ചെയ്യുന്ന EDL, RDL, Anti Cancer drug ലിസ്റ്റിൽപ്പെട്ട മരുന്നുകളാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നത്. 2011-12 ലെ EDL ലിസ്റ്റും 2012-13-ലെ EDL ലിസ്റ്റും 2012 നവംബർ - 1 ന് ഉദ്ഘാടനം ചെയ്യപ്പെട്ട സൗജന്യ ജനറിക് മരുന്ന വിതരണത്തിനായുള്ള RDL ലിസ്റ്റും, Anti Cancer drug ലിസ്റ്റും അനുബന്ധം - I ആയി ചേർക്കുന്നു. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ കോർപ്പറേഷൻ മുഖേന വാങ്ങി നൽകിയ ഉപകരണങ്ങളുടെ പട്ടിക അനുബന്ധം - II ആയി ചേർക്കുന്നു. |
| (ബി) | എത്ര തുകയുടെ മരുന്നു ശേഖരണം നടത്തുകയുണ്ടായി ; | (ബി) | 2011-12 സാമ്പത്തിക വർഷത്തിൽ 17,616.37 ലക്ഷം രൂപയുടെ മരുന്നുകളും, 2012-13-ൽ 31,050.27 ലക്ഷം രൂപയുടെ മരുന്നുകളും കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. |

<table>
<tr><td>(സി)</td><td>ഏതെല്ലാം സ്വകാര്യ കമ്പനികളിൽ നിന്നും മരുന്നുകൾ വാങ്ങുകയുണ്ടായി ; ഓരോ കമ്പനികളിൽ നിന്നും എത്ര തുകയുടെ മരുന്നുകളാണ വാങ്ങിയത്</td><td>(സി)</td><td>ഏതെല്ലാം കമ്പനികളിൽ നിന്നും എത്ര തുകയ്ക്കുള്ള മരുന്നുകൾ വാങ്ങി എന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം - III ആയി ചേർക്കുന്നു.</td></tr>
<tr><td>(ഡി)</td><td>ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങുകയുണ്ടായി ; ഓരോ പൊതു മേഖലാ സ്ഥാപനത്തിൽ നിന്നും എത്ര തുകയുടെ മരുന്നുകൾ വാങ്ങുകയുണ്ടായി ;</td><td>(ഡി)</td><td>പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കോർപ്പറേഷൻ മരുന്നു വാങ്ങിയതിന്റെ ലിസ്റ്റ് അനുബന്ധം -IV ആയി ചേർക്കുന്നു.</td></tr>
<tr><td>(ഇ)</td><td>ടെൻഡർ പ്രകാരമല്ലാതെ നേരിട്ട് ഏതെല്ലാം കമ്പനികളിൽ നിന്നും മരുന്നുകൾ വാങ്ങുകയുണ്ടായി. ഓരോ കമ്പനികളിൽ നിന്നും എത്ര തുകയുടെ മരുന്നുകളാണ് ഇങ്ങനെ വാങ്ങിയത് ?</td><td>(ഇ)</td><td>ടെണ്ടറില്ലാതെ നേരിട്ട് മരുന്ന് വാങ്ങിയത് കെ.എസ്.ഡി.പി.എൽ., കെ.എ.പി.എൽ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ്. തുക വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>പൊതുമേഖല സ്ഥാപനം</th><th>2011-12-ൽ വാങ്ങിയ തുക ലക്ഷത്തിൽ</th><th>2012-13-ൽ വാങ്ങിയ തുക ലക്ഷത്തിൽ</th></tr>
<tr><td>കെ.എസ്. ഡി. പി. എൽ.</td><td>3,338.51</td><td>1,391.25</td></tr>
<tr><td>കെ.എ. പി. എൽ</td><td>--</td><td>108.59</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**